# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3425 23.06.2014 ൽ മറുപടിക്ക്

## സർക്കാർ നിയന്ത്രണത്തിൽ വിമാന സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി: | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സീസൺ സമയത്ത് വിമാനക്കൂലി വർദ്ധിപ്പിക്കുന്ന നടപടി മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രവാസികൾ ഏറെയുള്ള സംസ്ഥാനത്തിന്റെ താല്പര്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. |
| (സി) | സർക്കാർ നിയന്ത്രണത്തിൽ ഒരു വിമാനകമ്പനി എന്ന മുൻ നിർദ്ദേശം നടപ്പിലാക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളത്? | (സി) | കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ നിബന്ധനകളായ 5 വർഷത്തെ പ്രവർത്തന പാരമ്പര്യവും 20 വിമാനങ്ങളും എന്നിവ മാറ്റാതെ ഇന്ത്യയിൽ രജിസ്റ്റർ ചെയ്യുന്ന ഒരു വിമാനകമ്പനിക്കും പുറം രാജ്യങ്ങളിലേക്ക് സർവ്വീസ് നടത്താൻ സാധിക്കുകയില്ല. അതിനാൽ ഈ നിബന്ധനകൾ മാറ്റിയാൽ മാത്രമേ പുതിയ വിമാനകമ്പനികൾക്ക് പ്രവാസിമലയാളികൾക്കായുള്ള പ്രത്യേക സർവ്വീസ് നടത്താൻ സാധിക്കുകയുള്ളൂ. ഈ നിബന്ധനകൾക്ക് ഇളവ് നല്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ